LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Tuesday, the 19th November 1963

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 19th November 1963, with Mr, Speaker in the Chair.

SHORT NOTICE QUESTIONS AND ANSWERS

(The number within brackets indicates the number in list of admitted questions for the day)

ലൈസൻസില്ലാതെ നടത്തുന്ന റൈസ് മില്ലുകൾ.

* 893. [37] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൈസ് മിൽ എൻക്വയറി കമ്മിറ്റിയുടെ റിപ്പോർട്ടിനുശേഷം പുതുതായി റൈസ് മില്ലുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ ;

(ബി) ലൈസൻസില്ലാതെ റൈസ്മിൽ നടത്തിയതിന് ഇതുവരെ എത്ര പ്രോസിക്യൂഷൻ കേസുകൾ എടുത്തിട്ടുണ്ട് ;

(സി) ഇടവ, നടയറ എന്നീ സ്ഥലങ്ങളിൽ ലൈസൻസില്ലാതെ രണ്ട് റൈസ് മില്ലുകൾ നടത്തുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഇതിൽ ഒരു മില്ല് നടത്തുന്നതിനെതിരായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും, മറ്റതിനെതിരായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണമെന്ത് ;

(ഇ) ഇതിനെപ്പറ്റി ഒരന്വേഷണം നടത്തുമോ ?

മത്സ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഉണ്ട്.

(ബി) 28.

(സി) ഉണ്ട്.

(ഡി) ഒരാളുടെ മില്ല് നടത്തുന്നതിനുള്ള പെർമിറോ ലൈസൻസോ ഇല്ല. മറേറ ആവശ്യങ്ങൾക്ക് പെർമിറു കിട്ടിയിട്ടുണ്ട്.

(ഈ) ഇതിനെപ്പററി കൂടുതൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഒരാവശ്യക്കു് പെർമിറു കൊടുത്തതു് എന്നാണു് ? കമ്മിററിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ കൊടുത്തതു് ?

ശ്രീ. ഈ. പി. പൗലോസ് : കൊടുത്തിട്ടുള്ളതെല്ലാം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു്. എന്നാണു് തീയതി എന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ പി. ഗോപാലൻ : റൈസ് മില്ലുകാവശ്യക്കു് ലൈസൻസു കൊടുത്തുകഴിഞ്ഞാൽ, ഇത്രകാലത്തിനകം തുടങ്ങണമെന്ന വ്യവസ്ഥയുണ്ടോ ? അങ്ങനെ ചെയ്യാതെ, കാലം നീട്ടിക്കൊണ്ടുപോകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അങ്ങനെ ചില കേസുകളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവർ വീണ്ടുംവീണ്ടും പെർമിറിന്റെ കാലാവധി ദീർഘിപ്പിക്കുകയാണു്. കാലാവധി ദീർഘിപ്പിക്കുന്നതിനുമുമ്പു് അപേക്ഷിക്കാത്തവർക്കു് ലൈസൻസു കൊടുക്കുകയില്ലെന്നാണു് ഇപ്പോഴും വച്ചിട്ടുള്ളതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : റൈസ്മിൽ നടത്തുന്നതിനു് അനുവാദത്തിനു് അപേക്ഷ സമർപ്പിക്കുകയും അതു് പരിഗണനയിലിരിക്കുകയുമാണെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എടുപ്പുകളും പൂത്തിയാക്കിയിട്ടുള്ളവർക്കു് ലൈസൻസു കൊടുക്കാതെ അതിനടുത്തുതന്നെ വേറെ ആളുകൾക്കു് മിൽ അനുവദിച്ചതായി കണ്ണൂർ താലൂക്കിൽ കണ്ണപുരം അംശത്തിൽ നിന്നും ആക്ഷേപം കിട്ടിയിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അതിനൊരു പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. ഈ. പി. ഗോപാലൻ : കാലേക്കൂട്ടി സമർപ്പിച്ചവരായ ആളുകളും ലൈസൻസു വാങ്ങിയിട്ടു മിൽ തുടങ്ങാത്തതിന്റെ ഫലമായി പുതുതായി മിൽ നടത്തണമെന്നാഗ്രഹിക്കുന്നവർക്കു് അനുവാദം കിട്ടാതിരിക്കുന്നുണ്ട്. അങ്ങനെ ലൈസൻസു വാങ്ങി മിൽ ആവശ്യമുള്ളിടത്തു് തുടങ്ങാതിരിക്കുന്നുണ്ടെന്നു മനസ്സിലാക്കി ഇത്രകാലത്തിനകം തുടങ്ങിയില്ലെങ്കിൽ ലൈസൻസു കാൻസൽ ചെയ്തു മിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ പുതുതായി തുടങ്ങുന്നതിനുള്ള നടപടികളും എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : പെർമിറു കിട്ടിയിട്ടുള്ളവർ ഒരു റീസണബിൾ ടൈമിനകത്തു ലൈസൻസു വാങ്ങിയിട്ടില്ലെങ്കിൽ പിന്നെ ലൈസൻസു കൊടുക്കാറില്ല.

ശ്രീ. കെ. എം. ജോർജ് : കേരളത്തിലെ ആവശ്യത്തിനനുസരണമായി റൈസ്മിൽ ഉണ്ടാക്കണമെന്നുള്ളതുകൊണ്ടു് ഇപ്പോഴുള്ള നിയന്ത്രണം എടുത്തുകളഞ്ഞു ഗവണ്മെൻറിന്റെ വരുമാനം വർദ്ധിക്കത്തക്ക തരത്തിൽ ലൈസൻസു കൊടുക്കണമെന്ന ബോർഡ് ആൻറ് വില്ലേജു് ഇൻഡസ്ട്രീസ് ബോർഡിനോടു് ഈ ഗവണ്മെൻറു് ശുപാർശചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിനെ പ്രൊടക്ഷൻ കൊടുക്കാനാണ് ഈ നിയന്ത്രണം വച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ താല്പര്യമുള്ളവർക്ക് ബോർഡിനെ സമീപിക്കാം.

ശ്രീ. എൻ. മോസ്സരൻ നായർ : കമ്മിറ്റി റെക്കമെൻഡ് ചെയ്തിട്ടുള്ള കേസുകളിൽ ലൈസൻസ് കൊടുക്കാത്തതിനെ പ്രത്യേകം പരിഗണിച്ച് അവർക്ക് ലൈസൻസ് കൊടുക്കാൻ തയാറാകുമോ ?

ശ്രീ. ഇ. പി. പൗലോസ് : കമ്മിറ്റി, കളക്ടർമാർ റെക്കമെൻഡ് ചെയ്തിട്ടുള്ള കേസുകൾ സാധാരണ നിഷേധിക്കാറില്ല. അങ്ങനെ ഏതെങ്കിലും പ്രത്യേക കേസുകൾ ഉണ്ടായിട്ടുള്ളത് എന്തുകൊണ്ടാണെന്ന് അറിയാൻ പാടില്ല.

ശ്രീ. കെ. ഹസൻഹനി : ഏതെല്ലാം ഡിസ്ട്രിക്ടുകളിൽ റൈസ്മില്ല കൾക്ക് ലൈസൻസ് കൊടുക്കരുതെന്ന ഉത്തരവായിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ഇ. പി. പൗലോസ് ; അതു പണ്ടേ നിറുത്തലാക്കി. വളരെ കൂടുതൽ അപേക്ഷകൾ വന്നപ്പോൾ കൂടുതൽ മില്ലുകൾ ഉള്ള സ്ഥലങ്ങളിൽ അനുവദിക്കണ്ട എന്ന മാത്രമേ തീരുമാനിച്ചിട്ടുള്ളൂ. മെറിട്ട് കൺസിഡർചെയ്യേണമോ വേണ്ടയോ എന്ന തീരുമാനിക്കുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : റൈസ്മില്ലിനു അനുമതി നൽകുകയും കൈക്കുത്തരി സമ്പ്രദായത്തിനു ഗവണ്മെന്റു ബജനാവിലെ അനവധി പണം ചെലവാക്കുകയും ചെയ്യുന്നതിലുള്ള വൈരുദ്ധ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : അതിൽ വൈരുദ്ധ്യമുണ്ടെന്നു തോന്നുന്നില്ല. കൈക്കുത്തു സമ്പ്രദായം വന്നതിനുശേഷവും കൂടുതൽ മില്ലുകൾ അനുവദിക്കുന്നതിനു അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അവ കമ്മിറ്റി പരിശോധിച്ചു റെക്കമെൻഡ് ചെയ്യുകയാണു ചെയ്യുന്നതു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഒരാൾക്ക് പെർമിറ്റു കൊടുത്തിട്ടുണ്ടെന്നും അതിന്റെ തീയതി അറിഞ്ഞുകൂടെന്നും പറഞ്ഞു. രണ്ടുപേർക്കും പെർമിറ്റ് ഇല്ലെന്നാണു കേൾക്കുന്നതു്. അതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റു കൊടുത്ത തീയതി പറയാതെ ഈ അന്വേഷണത്തിന്റെ സ്വഭാവം എന്തായിരിക്കുമെന്നു പറയാൻ കഴിയുമോ ?

ശ്രീ. ഇ. പി. പൗലോസ് : ചോദ്യം എന്താണെന്നു വ്യക്തമായി മനസ്സിലായില്ല. കൂടുതൽ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണെന്നു ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. സി. എ. മാത്യു : കൈക്കുത്തരി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു കേരളത്തിൽ പാലക്കാട്, ആലപ്പുഴ, തിരുവനന്തപുരം എന്നീ ഡിസ്ട്രിക്ടുകളിൽ പുതുതായി റൈസ്മില്ലുകൾക്ക് ലൈസൻസു കൊടുക്കുകയില്ലെന്നു ഗവണ്മെന്റു തീരുമാനിച്ചു. മറ്റു ഡിസ്ട്രിക്ടുകളിലുള്ള ലൈസൻസുകൾ ഈ ഡിസ്ട്രിക്ടുകളിലേക്ക് ട്രാൻസ്ഫർചെയ്തു ഗവണ്മെന്റിന്റെ തീരുമാനത്തെ പരാജയപ്പെടുത്താനുള്ള പരിശ്രമം നടത്തുന്നുണ്ട്. ഈ മൂന്നു ഡിസ്ട്രിക്ടുകളിൽ ട്രാൻസ്ഫർ ചെയ്താണെങ്കിലും പുതുതായി മില്ലുകൾ അനുവദിക്കാതിരിക്കുന്നതിനു ഗവണ്മെന്റു തീരുമാനിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഒരു ഡിസ്ട്രിക്ടിലും ലൈസൻസുകൊടുത്തുകൂടാ എന്നു തീരുമാനിച്ചിട്ടില്ല. കൈക്കുത്തരിസംഘങ്ങളുടെ പ്രവർത്തന പരിധിക്കുള്ളിൽ കൊടുക്കാൻപാടില്ലെന്നേ വച്ചിട്ടുള്ളൂ. വയനാട്ടിലാണെങ്കിൽ പത്തു പതിനഞ്ചു മൈൽ ചുറ്റിയാൽ ഉൾക്കൊള്ളുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ എന്തെങ്കിലും അയവു വരുത്തി കൊടുക്കണമെന്നുദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ഒരു മില്ലിനു പെർമിറ്റും ലൈസൻസും ഇല്ല, മറ്റൊന്നിനു് ലൈസൻസു് ഇല്ല എന്നു മന്ത്രി പറഞ്ഞു. പെർമിറ്റു കിട്ടിയാലും ലൈസൻസു കിട്ടാതെ മിൽ നടത്താൻപാടില്ലെന്നുള്ള നിലയിൽ അങ്ങനെ നടത്തുന്നവരുടെ പേരിൽ പ്രാസിക്യൂഷൻ നടപടികളും എടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസു് : അത്തരം നടപടികളും എടുക്കേണ്ടതാണു്. ഈ കേസുകളെപ്പറ്റി അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ : മില്ലിൽ ഒരു പറ നെല്ലു കുത്തുന്നതിനു 10 പൈസയും, കൈക്കുത്തിൽ 30 പൈസയുമാണു് ചാർജു് ഈടാക്കുന്നതു്. ഈ നിലയിൽ എത്ര സഹായംചെയ്താലും കൈക്കുത്തു് അരി പ്രവർത്തനം നടക്കുകയില്ലെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. ഇ. പി. പൗലോസു് : എന്നു പറഞ്ഞുകൂടാ. പല സ്ഥലത്തും കൈക്കുത്തു് നടക്കുന്നുണ്ടു്.

ADJOURNMENT MOTION

Tense Situation prevailing in Kuttiyadi Panchayat:

Mr. Speaker : I have received notice for an Adjournment motion from Shri. C. Achutha Menon to discuss a matter of urgent public importance namely the tense situation prevailing in Kuttiyadi Panchayat as a result of the terroristic tactics employed by one party against the other in the Panchayat elections. I call upon the hon. Minister, to state the facts.

Minister for Home Affairs (**Shri. P. T. Chacko**) : Sir, the statement says that a situation has arisen wherein the hon. Member apprehends a clash between two parties consequent on the campaign for panchayat elections. It is true Sir, that certain undesirable incidents have happened not only in Kuttiyadi but in some other places also. The reason is, obvious. I do not know exactly the details of the incidents that are alleged to have happened in Kuttiyadi. In a panchayat election, naturally, all the feuds and hostilities in a small ward including family feuds and clan hostilities are precipitated, and the situation sometimes become very tense. What I can now assure the House is that all the necessary arrangements have been made to prevent any breach of the peace where the elections are taking place. Necessary police patrols have been arranged.

Sir, you will remember that during the last general elections and the elections to the Lok Sabha, the elections were conducted in one day in the State and it was with some difficulty that the Government managed to arrange enough patrols to maintain peace and franquitily. Now, the Panchayat elections will be completed only within a space of time. This was so arranged mainly because it was thought that otherwise there would be enough occasion for hostilities being precipitated. Therefore intense police patrols have been arranged. I can also assure the House that necessary instructions have been issued to the senior police officers to prevent any clash.

ശ്രീ. സി. അച്യുതമേനോൻ : പൊതുവിൽ ഈ സ്റ്റേറ്റിൽ പഞ്ചായത്തു ഇലക്ഷനുവേണ്ടി നടത്തുന്ന ചട്ടവട്ടങ്ങളെപ്പറ്റിയാണു് മന്ത്രി പറഞ്ഞതു്. പക്ഷേ ഇന്നലെ കിട്ടിയ ഒരു കമ്പിയെ അടിസ്ഥാനമാക്കിയാണു് ഞാൻ ഈ നോട്ടീസു കൊടുത്തതു്. അവിടെ ഇന്നു് ഇലക്ഷൻ നടക്കുന്ന ദിവസമാണു്.

LIBRARY ARCHIVES Kerala Legislative Assembly